LIBRARY ARCHIVES Kerala Legislative Assembly

കതിരൂർ കൊലപാതകം

194 (195) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിരൂരിലെ മനോജ് കൊലചെയ്യപ്പെട്ട സംഭവത്തിൽ പോലീസ് ഒന്നാം പ്രതിയാക്കിയ വിക്രമൻ എന്നയാളെ അറസ്റ്റ് ചെയ്തത് ഏത് തീയതിയിൽ എവിടെവച്ച് ഏത് സമയത്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സി.ബി.ഐ. അന്വേഷണത്തിനായി കേന്ദ്ര ഗവൺമെന്റിന് കത്തയച്ച തീയതി ഏതാണ് ? പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കത്തിൽ, ഇതുവരെ അറസ്റ്റ് നടത്തിയിട്ടില്ലെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായോ? ഇത്തരത്തിൽ കേന്ദ്രഗവൺമെന്റിനെ അറിയിച്ച സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കതിരൂർ മനോജ് കൊലപാതക കേസിൽ ഒന്നാം പ്രതിയായ വിക്രമൻ ബഹു. കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ 11-9-2014-ന് കീഴടങ്ങുകയാണ് ചെയ്തിട്ടുള്ളത്.

(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന് ആദ്യമായി കത്തയച്ചത് 12-9-2014-നാണ്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) സംസ്ഥാന പോലീസ് മേധാവി 6-9-2014-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ പ്രൊഫോർമാ റിപ്പോർട്ടാണ് കേന്ദ്രസർക്കാരിന് അയച്ചു കൊടുത്തിരുന്നത്. പ്രസ്തുത പ്രൊഫോർമ റിപ്പോർട്ടിൽ ഇതുവരെ അറസ്റ്റ് നടത്തിയിട്ടില്ലെന്നാണ് രേഖപ്പെടുത്തിയിരുന്നത്.

കതിരൂർ കൊലപാതകം

195 (196) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ കതിരൂരിൽ കൊലചെയ്യപ്പെട്ട മനോജ് എന്നയാളുടെ പേരിൽ ഉണ്ടായിരുന്ന പോലീസ് കേസുകൾ എത്രയായിരുന്നു ; അവ ഏതെല്ലാം ;

(ബി) മനോജിനെതിരെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം ക്രൈം നമ്പറുകളിലായി ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസുകൾ എടുത്തിട്ടുണ്ടായിരുന്നു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.